LIBRARY ARCHIVES Kerala Legislative Assembly

വികസന പ്രവർത്തനങ്ങൾ

231 (1609) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മൃഗ സംരക്ഷണ വകുപ്പ് മുഖേനയും, പ്രസ്തുത വകുപ്പുമായി ബന്ധപ്പെട്ട പൊതുമേഖലാ സ്ഥാപനങ്ങൾ മുഖേനയും ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ എന്തൊക്കെ വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; ആയത് എത്ര രൂപയുടെ പ്രവൃത്തികളാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മൃഗസംരക്ഷണ വകുപ്പ് മുഖേന ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ ആകെ 58,24,125 രൂപ (അൻപത്തിയെട്ട് ലക്ഷത്തി ഇരുപത്തിനാലായിരത്തി ഒരുനൂറ്റി ഇരുപത്തിയഞ്ച് രൂപാ മാത്രം)-യുടെ വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളത്. വിശദാംശം അനുബന്ധമായി* ചേർക്കുന്നു.

കൂടാതെ മൃഗസംരക്ഷണ വകുപ്പിന്റെ പൊതുമേഖലാ സ്ഥാപനമായ സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ "കുഞ്ഞുകൈകളിൽ കോഴിക്കുഞ്ഞ് പദ്ധതി" നടപ്പാക്കിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ പൂയപ്പള്ളി ഗവൺമെന്റ് ഹൈസ്കൂൾ, ചിതറ എസ്.എൻ. ട്രസ്റ്റ് ഹയർ സെക്കണ്ടറി സ്കൂൾ, ചെമ്പകശ്ശേരി യു.പി./ഹൈസ്കൂൾ, കല്ലുവാതുക്കൽ യു.പി. സ്കൂൾ എന്നീ സ്ഥാപനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട 2662 വിദ്യാർത്ഥികൾക്ക് 3 കോഴി, 3 കിലോ കോഴിത്തീറ്റ, മരുന്നുകൾ എന്നീ ക്രമത്തിൽ സൗജന്യമായി വിതരണം ചെയ്തിട്ടുണ്ട്. ഈ ഇനത്തിൽ 8,22,558 രൂപ ഈ നിയോജക മണ്ഡലത്തിൽ ചെലവഴിച്ചിട്ടുണ്ട്.

ക്ഷീര മേഖല

232 (1610) ശ്രീ. എം. ചന്ദ്രൻ :
ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിത്തീറ്റയുടെ ലഭ്യതക്കുറവും വിലവർദ്ധനയും ക്ഷീര മേഖലയിലുണ്ടാക്കിയിട്ടുള്ള പ്രത്യാഘാതങ്ങളെക്കുറിച്ച് വിശദീകരിക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.